ബൈബിൾ – ഖുർആൻ: ഒരു താരതമ്യപഠനം-8

# ഏകദൈവത്വം

● ഇ.സി സൈമൺ മാസ്റ്റർ

**മരണശേഷം** ഉയിർത്തെഴുന്നേറ്റ് യേശു ശിഷ്യന്മാർക്ക് പ്രത്യക്ഷപ്പെട്ടതായും അത് യേശുതന്നെയോ എന്ന കാര്യത്തിൽ അവർക്ക് സംശയമുണ്ടായതായും ബൈബിൾ പറയുന്നുണ്ട്. സംശയം ദൂരീകരിക്കാനായി അദ്ദേഹം കൈകാലുകളിൽ കുരിശുമരണം കൊണ്ടുണ്ടായ ആണിപ്പഴുതുകൾ കാണിച്ചുകൊടുക്കുന്നു. എന്നാൽ സ്വന്തം അസ്തിത്വം തെളിയിക്കാൻ അങ്ങനെ മുറിവടയാളം കാണിച്ചുകൊടുക്കുന്നത് സംശയം ഇല്ലാതാക്കുന്നില്ല, വർധിപ്പിക്കുകയേ ചെയ്യുന്നുള്ളൂ. മൂന്നു ദിവസം മുമ്പു മാത്രം വിട്ടുപിരിഞ്ഞ സുപരിചിതരായ ശിഷ്യന്മാർക്കു മുമ്പിൽ വീണ്ടും വരുമ്പോൾ ഗുരുവിനെ തിരിച്ചറിയാൻ എന്തെങ്കിലും പ്രത്യേക അടയാളത്തിന്റെ ആവശ്യമില്ലല്ലോ. ശബ്ദവും മുഖഛായയും നിറവും രൂപവും പെട്ടെന്ന് മാറുകയും മുറിവടയാളം മാത്രം മാറാതിരിക്കുകയും ചെയ്യുക സംഭവ്യമല്ല.

കുരിശുമരണവും ഉയിർപ്പും വിവരിക്കുന്ന ബൈബിൾവാക്യങ്ങൾതന്നെ സൂക്ഷ്മമായി പരിശോധിച്ചാൽ യേശുവിനെ യഹൂദർ കുരിശിൽ തറക്കുകയോ കൊലപ്പെടുത്തുകയോ ചെയ്തിട്ടില്ലെന്ന് സംശയലേശമന്യേ ബോധ്യപ്പെടുന്നതാണ്.

മൂന്നു ദൈവങ്ങളെ സൂചിപ്പിക്കുന്ന 'ത്രിത്വം' എന്ന പദം ബൈബിളിൽ ഇല്ലാത്തതാണെങ്കിലും പിൽക്കാലത്ത്-ഇസ്ലാമിനു മുമ്പ് -അങ്ങനെയൊരു വിശ്വാസം വ്യാപകമായി പ്രചരിച്ചു. ആ വിശ്വാസത്തെ നിരാകരിച്ചുകൊണ്ടാണ് ത്രിത്വം എന്നു പറയാതിരിക്കാനും ഏകദൈവവിശ്വാസത്തിൽ ഉറച്ചു നിൽക്കാനും ഖുർആൻ ആഹ്വാനം ചെയ്യുന്നത്:

"മർയമിന്റെ മകൻ മസീഹ് ദൈവംതന്നെയെന്ന് വാദിച്ചവർ ഉറപ്പായും സത്യനിഷേധികളായിരിക്കുന്നു. യഥാർഥത്തിൽ മസീഹ് പറഞ്ഞതിതാണ്: ഇസ്രായേൽ മക്കളേ, എന്റെയും നിങ്ങളുടെയും നാഥനായ അല്ലാഹുവെ മാത്രം ആരാധിക്കുക. അല്ലാഹുവിൽ ആരെയെങ്കിലും പങ്കുചേർക്കുന്നവന് അല്ലാഹു സ്വർഗം നിഷിദ്ധമാക്കും; തീർച്ച. അവന്റെ വാസസ്ഥലം നരകമാണ്. അക്രമികൾക്ക് സഹായികളുണ്ടാവില്ല.

ദൈവം മൂവരിൽ ഒരുവനാണെന്ന് വാദിച്ചവർ തീർച്ചയായും സത്യനിഷേധികൾതന്നെ. കാരണം, ഏകനായ അല്ലാഹുവല്ലാതെ ദൈവമില്ല. തങ്ങളുടെ വിടുവാദങ്ങളിൽനിന്ന് അവർ വിരമിക്കുന്നില്ലെങ്കിൽ അവരിലെ സത്യനിഷേധികളെ നോവേറിയ ശിക്ഷ ബാധിക്കുകതന്നെ ചെയ്യും.

ഇനിയും അവർ അല്ലാഹുവിലേക്ക് പശ്ചാത്തപിച്ചു മടങ്ങുകയും അവനോട് മാപ്പിരക്കുകയും ചെയ്യുന്നില്ലേ? അല്ലാഹു ഏറെ പൊറുക്കുന്നവനും പരമദയാലുവുമല്ലോ.

മർയമിന്റെ മകൻ മസീഹ് ഒരു ദൈവദൂതൻ മാത്രമാണ്. അദ്ദേഹത്തിനു മുമ്പും നിരവധി ദൈവദൂതന്മാർ ഉണ്ടായിട്ടുണ്ട്. അദ്ദേഹത്തിന്റെ മാതാവ് സത്യവതിയായിരുന്നു. ഇരുവരും ആഹാരം കഴിക്കുന്നവരുമായിരുന്നു. നോക്കൂ, നാം അവർക്ക് എങ്ങനെയൊക്കെ തെളിവുകൾ വിവരിച്ചുകൊടുക്കുന്നുവെന്ന്. ചിന്തിച്ചുനോക്കൂ, എന്നിട്ടും അവരെങ്ങനെയാണ് തെന്നിമാറിപ്പോകുന്നത്" (5:72-75).

സത്യാസത്യങ്ങൾ വേർതിരിച്ചു കാണിക്കുകയാണല്ലോ ഖുർആൻ അവതരണത്തിന്റെ ലക്ഷ്യം. യേശു ദൈവമാണെന്ന് ബൈബിൾ പഠിപ്പിക്കുകയോ യേശു അവകാശപ്പെടുകയോ ചെയ്തിട്ടില്ലെങ്കിലും വലിയൊരു വിഭാഗം ജനങ്ങൾ അങ്ങനെ തെറ്റിദ്ധരിപ്പിക്കപ്പെട്ടിട്ടുണ്ട്. ഏകദൈവവിശ്വാസത്തിന് കടകവിരുദ്ധവും ഒട്ടും തന്നെ പൊറുപ്പിക്കാൻ പറ്റാത്തതുമാണ് ദൈവത്തിന് പങ്കാളിയെ സങ്കൽപിക്കുക. അതുപോലെത്തന്നെ അസ്വീകാര്യമാണ് ദൈവപുത്രസങ്കൽപവും.

ഖുർആൻ പറയുന്നു: "പരമകാരുണികനായ അല്ലാഹു പുത്രനെ സ്വീകരിച്ചിരിക്കുന്നുവെന്ന് അവർ പറഞ്ഞുണ്ടാക്കിയിരിക്കുന്നു. ഏറെ ഗുരുതരമായ കാര്യമാണ് നിങ്ങളാരോപിക്കുന്നത്. ആകാശങ്ങൾ പൊട്ടിപ്പിളരാനും ഭൂമി വിണ്ടുകീറാനും പർവതങ്ങൾ തകർന്നുവീഴാനും പോന്ന കാര്യം.

പരമകാരുണികനായ അല്ലാഹുവിന് പുത്രനുണ്ടെന്ന് അവർ വാദിച്ചല്ലോ. ആരെയെങ്കിലും പുത്രനായി സ്വീകരിക്കുകയെന്നത് പരമകാരുണികനായ അല്ലാഹുവിന് ചേർന്നതല്ല.

ആകാശഭൂമികളിലുള്ളവരെല്ലാം ആ പരമകാരുണികന്റെ മുന്നിൽ കേവലം ദാസന്മാരായി വന്നെത്തുന്നവരാണ്" (19:88-93).

അതീവ ഗൗരവസ്വഭാവമുള്ള ഒരു സംഗതി എത്ര ലാഘവത്തോടെയാണ് ചില മനുഷ്യർ നോക്കിക്കാണുന്നതെന്ന് സൂചിപ്പിക്കുകയാണ് ഈ ഖുർആൻ വാക്യങ്ങൾ.

ദൈവത്തിന് ഖുർആൻ കൊടുത്തിട്ടുള്ള നിർവചനങ്ങൾ പരിശോധിച്ച് താരതമ്യം ചെയ്താൽ യേശു ദൈവമാണോ എന്ന് എളുപ്പം തിരിച്ചറിയാൻ കഴിയും. ദൈവത്തിന്റെ ഗുണവിശേഷങ്ങളിൽ എന്തെങ്കിലും ക്രിസ്തുവിനുണ്ടോ എന്നു നോക്കിയാൽ മതി. ദൈവം ജനിച്ചവനല്ലെന്ന് ബൈബിളും ഖുർആനും പറയുന്നു. യേശുവാകട്ടെ മർയമിന്റെ മകനായി ജനിച്ചെന്ന് രണ്ട് ഗ്രന്ഥങ്ങളും സമ്മതിക്കുന്നു. 'ഉണ്ടാവട്ടെ' എന്ന ദൈവവചനത്തിന്റെ ഫലമായി മർയമിന്റെ ഉദരത്തിൽ രൂപം കൊണ്ടതാണ് യേശു. ജിബ്രീൽ എന്ന ഗബ്രിയേൽ മാലാഖയാണ് മർയമിനെ ആ വാർത്ത അറിയിച്ചതെന്നും അവർക്കറിയാം. ദൈവത്തിനു മരണമില്ലെന്ന് സമ്മതിക്കുന്നവരാണ് എല്ലാവരും. യേശുവിന്റെ

കുരിശുമരണത്തിൽ മുസ്ലിംകൾ വിശ്വസിക്കുന്നില്ലെങ്കിലും അതാണ് ക്രൈസ്തവവിശ്വാസം. എല്ലാ വസ്തുക്കളുടെയും സ്രഷ്ടാവായ ദൈവത്തിന് ഭക്ഷണമോ വെള്ളമോ വേണ്ട ജീവൻ നിലനിൽത്താൻ. യേശു ഭക്ഷണവും വെള്ളവും കഴിച്ചു ജീവിച്ചു. പലപ്പോഴും അദ്ദേഹത്തിന് വിശപ്പും ദാഹവും അനുഭവപ്പെട്ടതായി ബൈബിൾ പറയുന്നു. ഉറക്കമോ ക്ഷീണമോ ബാധിക്കാത്തവനാണ് സ്രഷ്ടാവ്. യേശു ക്ഷീണിതനായി തളർന്ന് കടൽവഞ്ചിയിൽപോലും കിടന്നുറങ്ങിയെന്നാണ് ബൈബിൾ വിവരണം. എല്ലാം അറിയുന്നവനാണ് ദൈവം. എന്നാൽ യേശുവിനറിയാത്ത കാര്യങ്ങൾ അനവധിയായിരുന്നു. ലോകാവസാനം എന്നായിരിക്കുമെന്ന ചോദ്യത്തിന് ദൈവത്തിനല്ലാതെ മറ്റാർക്കും അതറിയില്ലെന്നായിരുന്നു യേശുവിന്റെ മറുപടി. ദൈവം സർവശക്തനാണ്. യേശു അവശനും നിസ്സഹായനുമായി 'എന്റെ ദൈവമേ, എന്റെ ദൈവമേ എന്നെ കൈവിട്ടതെന്ത്' എന്ന് കുരിശിൽ കിടന്ന് നിലവിളിച്ചതായി ബൈബിൾ രേഖപ്പെടുത്തിയിരിക്കുന്നു. എല്ലാവർക്കും എല്ലാ കാര്യങ്ങൾക്കും ആശ്രയമാണ് അല്ലാഹു. എല്ലാവർക്കും നീതി നൽകുന്നവനും അവൻതന്നെ. എന്നാൽ യേശുവിന് തന്റെ മേൽ കളവായി കെട്ടിച്ചമച്ച കുറ്റങ്ങളിൽ പോലും നീതിനേടാനായില്ല.

പ്രപഞ്ചസ്രഷ്ടാവാണ് ദൈവം. സൃഷ്ടിയിൽ യേശുവിന് യാതൊരു പങ്കുമുണ്ടായിരുന്നില്ല. മഴവർഷിച്ച് ഭൂമിയെ ഫലപുഷ്ടമാക്കിയതും സസ്യജാലങ്ങളെ മുളപ്പിച്ചതും അദ്ദേഹമായിരുന്നില്ല. രാത്രിയും പകലും ഉണ്ടാകുന്നതിലുമില്ല യേശുവിന്റേതായും പങ്ക്. ആകാശഗോളങ്ങൾക്ക് സഞ്ചാരപഥം നിശ്ചയിച്ചത് യേശുവായിരുന്നില്ല.

ഇതിൽനിന്ന് നമുക്ക് തിരിച്ചറിയാൻ കഴിയുന്ന വസ്തുത, ദൈവത്തിന്റേതുമാത്രമായ ഗുണവിശേഷങ്ങളിൽ ഒന്നുപോലും യേശുവിന് ഉണ്ടായിരുന്നില്ലെന്നാണ്.

ദൈവമല്ലാത്ത യേശുവിനെ വല്ലവരും ദൈവമാക്കി ആരാധിക്കുകയും പ്രാർഥിക്കുകയും ചെയ്തെങ്കിൽ പരലോകത്ത് യഥാർഥ ദൈവത്തെ കണ്ടുമുട്ടുമ്പോൾ അവരുടെ അവസ്ഥ എന്തായിരിക്കുമെന്ന് ചിന്തിക്കേണ്ടതാണ്. അറിവുകളിൽ വെച്ച് ഏറ്റവും വലിയ അറിവായ സ്രഷ്ടാവിനെക്കുറിച്ചുള്ള അറിവ് ഇല്ലാതെ ജീവിതമവസാനിച്ചുപോയവരുടെ പരലോകവിധി എന്തായിരിക്കും?

ഏശയ്യാ പ്രവാചകന്റെ പുസ്തകത്തിൽ ദൈവം പറയുന്നു: "ഞാൻ വളർത്തി വലുതാക്കിയ ജനം എനിക്കെതിരെ കലഹിക്കുന്നു. കന്നുകാലികൾ അവയുടെ ഉടമകളെ തിരിച്ചറിയുന്നു. യജമാനൻ ആഹാരം കൊടുക്കുന്ന സ്ഥലം കഴുതകളും അറിയുന്നു. എന്നാൽ എന്റെ ഇസ്രായേൽ ജനം അത് അറിയുന്നില്ല. അവർ മനസ്സിലാക്കുന്നേ ഇല്ല" (ഏശയ്യ: 1:2,3)

ഖുർആൻ പറയുന്നു:

"ജിന്നുകളിലും മനുഷ്യരിലും ധാരാളം പേരെ നാം നരകത്തിനുവേണ്ടി സൃഷ്ടിച്ചിട്ടുണ്ട്. അവർക്ക് ഹൃദയങ്ങളുണ്ട്; അതുപയോഗിച്ച് പഠിക്കുന്നില്ല. കണ്ണുകളുണ്ട്; അതുകൊണ്ട് കണ്ടറിയുന്നില്ല. കാതുകളുണ്ട്; അതുപയോഗിച്ച് കേട്ടു മനസ്സിലാക്കുന്നില്ല. അവർ നാൽക്കാലികളെപ്പോലെയാണ്. അല്ല; അവയേക്കാളും പിഴച്ചവരാണ്. അവർ തന്നെയാണ് ഒരു ശ്രദ്ധയുമില്ലാത്തവർ" (7:179).

ഏകദൈവത്തിൽ വിശ്വസിച്ച് സദ്കർമങ്ങൾ ചെയ്ത് ജീവിക്കുക എന്നതാണ് ബൈബിളിലെയും ഖുർആനിലെയും പ്രധാന കൽപന. അതുതന്നെയായിരുന്നു യേശുവിന്റെ മാതൃകയും സന്ദേശവും. ബൈബിളിലെ വിവരണപ്രകാരം സീനായ് മലയിൽവെച്ച് അല്ലാഹു മൂസാനബിയെ പഠിപ്പിച്ചതും കൽപ്പലകകളിൽ എഴുതിക്കൊടുത്തതും 'നീ നിന്റെ ഏകദൈവമായ യഹോവ' (അല്ലാഹു)യെ പൂർണമായി സ്നേഹിച്ച് ആരാധിക്കുക എന്നായിരുന്നു. ഞാനല്ലാതെ നിനക്ക് മറ്റൊരു ദൈവമില്ലെന്നും എന്നെ അല്ലാതെ മറ്റൊരു ദൈവത്തെ നീ ആരാധിക്കുകയോ അതിനോട് പ്രാർഥിക്കുകയോ അരുതെന്നും യഹോവയായ ദൈവം വിലക്കി. പരിശുദ്ധ ഖുർആനിൽകൂടി അറിയിച്ചതും മാറ്റമില്ലാത്ത ആ കൽപനതന്നെയായിരുന്നു.ആരാധനക്ക് അർഹനായി അല്ലാഹു അല്ലാതെ മറ്റൊരു ദൈവമില്ലെന്ന ഖുർആൻ ആദർശവാക്യത്തിന്റെയും (ലാ ഇലാഹ ഇല്ലല്ലാഹ്) അന്തസ്സത്ത അതല്ലാതെ മറ്റൊന്നല്ല. ഓരോ കാലഘട്ടത്തിലായി ഭൂമിയിൽ ജനിച്ച എല്ലാ പ്രവാചകന്മാരും അവരുടെ ജനതകൾക്കു കൊടുത്ത ദൈവികസന്ദേശം ഏകദൈവവിശ്വാസത്തിൽ അധിഷ്ഠിതമായിരുന്നെന്നു കാണാം.

ഖുർആൻ അത് ഇങ്ങനെ വെളിപ്പെടുത്തുന്നു:

"നൂഹിനോടു കൽപിച്ചതും നിനക്കു നാം ദിവ്യബോധനമായി നൽകിയതും ഇബ്റാഹീം, മൂസാ, ഈസാ എന്നിവരോടനുശാസിച്ചതുമായ കാര്യം തന്നെ അവൻ നിങ്ങൾക്കു മതനിയമമായി നിശ്ചയിച്ചുതന്നിരിക്കുന്നു. 'നിങ്ങൾ ഈ ജീവിതവ്യവസ്ഥ സ്ഥാപിക്കുക അതിൽ ഭിന്നിക്കാതിരിക്കുക'യെന്നതാണത്. നിങ്ങൾ പ്രബോധനം ചെയ്തുകൊണ്ടിരിക്കുന്ന ഈ സന്ദേശം ബഹുദൈവവിശ്വാസികൾക്ക് വളരെ വലിയ ഭാരമായി തോന്നുന്നു. അല്ലാഹു താനിഛിക്കുന്നവരെ തനിക്കുവേണ്ടി പ്രത്യേകം തെരഞ്ഞെടുക്കുന്നു. പശ്ചാത്തപിച്ചു തന്നിലേക്കു മടങ്ങുന്നവരെ, അല്ലാഹു നേർവഴിയിൽ നയിക്കുന്നു" (42:13).

അങ്ങനെ ലോകാരംഭം മുതൽ നിലവിലിരിക്കുന്ന ദൈവിക നിയമവ്യവസ്ഥയുടെ അടിസ്ഥാന പ്രമാണമായ ഏകദൈവവിശ്വാസത്തെപ്പറ്റി മനസ്സിലാക്കിയിരുന്നില്ല എന്ന ന്യായം ദൈവത്തിനുമുമ്പിൽ വിലപ്പോവുന്നതാണോ എന്നേ ആലോചിക്കേണ്ടതുള്ളൂ. പരമദയാനിധിയും കരുണാവാരിധിയുമായ അല്ലാഹു എല്ലാ തെറ്റുകളും പൊറുക്കുമെന്നും എന്നാൽ തനിക്കു പങ്കാളികളെ ചേർക്കുക എന്ന മഹാപരാധം മാത്രം പൊറുക്കുകയില്ലെന്നുമാണ് ഖുർആൻ നൽകുന്ന മുന്നറിയിപ്പ്:

"അല്ലാഹു, തന്നിൽ പങ്കുചേർക്കുന്നത് പൊറുക്കില്ല. അതല്ലാത്ത പാപങ്ങളൊക്കെയും അവനിഛിക്കുന്നവർക്ക് അവൻ പൊറുത്തുകൊടുക്കും. അല്ലാഹുവിന് പങ്കാളികളെ സങ്കൽപിക്കുന്നവൻ കൊടിയ കുറ്റമാണ് ചെയ്യുന്നത്; തീർച്ച" (4:48).

ഖുർആനിലെ ചില പരാമർശ വിഷയങ്ങൾക്ക് ബൈബിളുമായുള്ള സാദൃശ്യം കണ്ട് ചില ദോഷൈകദൃക്കുകൾ അത് ബൈബിളിൽനിന്ന് നബി കോപ്പിയടിച്ചതാണെന്ന് ആക്ഷേപമുന്നയിച്ചിട്ടുണ്ട്. എന്നാൽ തീരെ അടിസ്ഥാനരഹിതമാണ് ആ ആരോപണം.

ബൈബിളിൽ വിവരിക്കപ്പെട്ടിട്ടുള്ള സംഭവങ്ങളെയും വ്യക്തികളെയും പറ്റി ഖുർആൻ പരാമർശിക്കുന്നത് കോപ്പിയടിക്കലാണെങ്കിൽ യഹൂദമതഗ്രന്ഥമായ പഴയനിയമം (തോറ എന്ന തൗറാത്ത്) പൂർണമായിത്തന്നെ ബൈബിളിൽ ഉൾപ്പെടുത്തിയിട്ടുള്ളത് എന്തടിസ്ഥാനത്തിലാണ്? പുതിയ നിയമ(ഇഞ്ചീൽ)ത്തോട് പഴയനിയമം കൂട്ടിച്ചേർക്കാൻ എന്താണോ കാരണം അതേ കാരണങ്ങൾകൊണ്ടുതന്നെ ബൈബിളുമായി ഖുർആനും ബന്ധപ്പെട്ടിരിക്കുന്നു. പഴയനിയമവുമായി ബന്ധപ്പെട്ട് പുതിയ നിയമം നിലനിൽക്കുന്നതുപോലെ ബൈബിളുമായി ബന്ധപ്പെട്ട് ഖുർആനും. ഏകദൈവവിശ്വാസികൾ പരസ്പരവിദ്വേഷമില്ലാതെ ഒരേ ദൈവം, ഒരേ മതം, ഒരേ ഗ്രന്ഥം എന്ന അടിസ്ഥാനത്തിൽ നിലനിൽക്കണമെന്നാണ് അല്ലാഹുവിന്റെ മഹത്തായ ഇംഗിതം.

ഖുർആനിലെ ചില പരാമർശങ്ങൾകണ്ട് അവ ബൈബിളിൽനിന്ന് കോപ്പിയടിച്ചതാണെന്ന് പരിഹസിക്കുന്നവർ ഓർക്കേണ്ടതുണ്ട്: പരസ്പരം പകർത്തിയെഴുതിയത് എന്നു സംശയിക്കാവുന്ന വിധത്തിലുള്ളതാണ് പുതിയ നിയമത്തിലെ ആദ്യ മൂന്നു കൃതികൾ. അതുകൊണ്ടാണ് മത്തായി, മാർക്കോസ്, ലൂക്കാ എന്നീ മൂന്നു ഗ്രന്ഥങ്ങൾക്ക് പൊതുവായി 'സിനോപ്റ്റിക്' ബൈബിൾ എന്നു പറയുന്നത് (സിനോപ്റ്റിക് എന്നാൽ ഒരേ വീക്ഷണം എന്നാണ് അർഥം). മത്തായിയും ലൂക്കായും

മാർക്കോസിന്റെ ഗ്രന്ഥത്തിൽനിന്ന് പകർത്തിയോ അല്ലെങ്കിൽ മാർക്കോസ് മറ്റു രണ്ടു ഗ്രന്ഥങ്ങളിൽനിന്ന് പകർത്തിയോ എന്നതിലേ ഉള്ളൂ അഭിപ്രായവ്യത്യാസം. എങ്കിലും കൂടുതൽ പഴക്കമുള്ളത് മാർക്കോസിന്റെ കൃതിക്കാകയാൽ അതിൽനിന്ന് പകർത്തി മറ്റു രണ്ടുപേരും ഗ്രന്ഥങ്ങൾ രചിച്ചു എന്നാണ് പൊതുവെ പണ്ഡിതമതം.

മാർക്കോസിന്റെ സുവിശേഷത്തിൽ ആകെയുള്ള 661 വാക്യങ്ങളിൽ 606 എണ്ണം മത്തായിയുടെ ഗ്രന്ഥത്തിൽ അതേപടിയോ അല്ലെങ്കിൽ കാര്യമായ മാറ്റമില്ലാത്ത രീതിയിലോ ആണ് കാണപ്പെടുന്നത്. ലൂക്കായുടെ സുവിശേഷ ഗ്രന്ഥത്തിൽ മാർക്കോസിന്റെ പുസ്തകത്തിലെ 320 വാക്യങ്ങൾ ഏതാണ്ട് അതേപടി പകർത്തിയതായി കാണാം. മാർക്കോസിന്റെ ഗ്രന്ഥത്തിലില്ലാത്ത 250 വാക്യങ്ങൾ മത്തായിയിലും ലൂക്കായിലും പൊതുവായി കാണുന്നു.

സുവിശേഷകനായ ലൂക്കാ അദ്ദേഹത്തിന്റെ ഗ്രന്ഥരചനക്ക് സഹായകമായി ഉപയോഗിച്ചത് അതിനു മുമ്പ് നിലവിലിരുന്ന ചില ഗ്രന്ഥങ്ങളെയും വ്യക്തികളെയും ആയിരുന്നെന്ന് ഗ്രന്ഥാരംഭത്തിൽ തുറന്നുസമ്മതിച്ചിട്ടുണ്ട് (ലൂക്കാ: 1:1-4)

(അവലംബം ഹോൾമാൻ ബൈബിൾ ഡിക്ഷ്ണറി)

(തുടരും)